REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 03-03-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- പതിനഞ്ചാം കേരള നിയമസഭയുടെ 13 -ാം സമ്മേളനം ഇന്ന് പുനഃരാരംഭിക്കും.
- ഈ വർഷത്തെ SSLC, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയൽ സെക്കണ്ടറി പരീക്ഷകൾ  ഇന്ന് ആരംഭിക്കും.
- അഖിലന്ത്യാ താപാൽ കലാമേളയ്ക്ക് കോഴിക്കോട്ട് ഇന്ന് തുടക്കം.
- തിരൂർ തുഞ്ചൻ ഉത്സവം ഇന്ന് സമാപിക്കും.
- ദുബായിൽ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ന്യൂസിലാന്റിനെ 44 റൺസിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

**പതിനഞ്ചാം കേരള നിയമസഭയുടെ 13 -ാം സമ്മേളനം ഇന്ന് പുന:രാരംഭിക്കും. ആശാ വർക്കർമാരുടെ ഓണറേറിയം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ, സ്വകാര്യ സർവകലാശാല ബിൽ അവതരണം തുടങ്ങിയവയാണ് സഭയിലെ ഇന്നത്തെ പ്രധാന നടപടിക്രമങ്ങൾ.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.**

**……(വോയ്സ്)…….**

ഇന്ന് ആദ്യത്തെ നടപടിക്രമമായ ചോദ്യോത്തരവേളയ്ക്ക് ശേഷം സഭയിൽ  ആശാ വർക്കർമാരുടെ ഓണറേറിയം, ഇൻസന്റീവ് എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച് കെ ശാന്തകുമാരി മന്ത്രി വീണാ ജോർജിന്റെ ശ്രദ്ധ ക്ഷണിക്കും. കശുവണ്ടി മേഖലയിലെ പ്രതിസന്ധിയും വേതനവർധനവും സംബന്ധിച്ച് പി സി വിഷ്ണുനാഥ് മന്ത്രി പി രാജീവിന്റെ ശ്രദ്ധ ക്ഷണിക്കും. 2025 ലെ സ്വകാര്യ സർവകലാശാല ബിൽ, 2025 സർവകലാശാല  ഭേദഗതി ബിൽ,  സർവകലാശാല രണ്ടാം ഭേദഗതി ബിൽ എന്നിവ ഇന്ന് സഭയിൽ അവതരിപ്പിക്കും. 2025 ലെ ധനവിനിയോഗ ബില്ലിന്റെ അവതരണവും ഇന്ന് സഭയിൽ നടക്കും.

കൃഷി, ആരോഗ്യം, റവന്യു ഉൾപ്പെടെ 12 വകുപ്പുകളുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ  സമർപ്പണവും സഭയിൽ ഇന്നുണ്ടാകും .

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ 13 -ാം സമ്മേളനം പുന:ക്രമീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ അംഗമായ കാര്യോപദേശക സമിതിയുടെ ശിപാർശ പ്രകാരമാണ് സഭാ സമ്മേളനം പുനക്രമീകരിച്ചത്.

ഇതനുസരിച്ച് ഈ മാസം 25 ന്  സഭാസമ്മേളനം  അവസാനിക്കും. നേരത്തെ ഈ മാസം 28 വരെ സമ്മേളനം ചേരാനായിരുന്നു തീരുമാനിച്ചിരുന്നത്. 5, 6, 26, 27, 28 എന്നീ തീയതികളിൽ സഭ ചേരില്ല. ഈ മാസം ആകെ 12 ദിവസം മാത്രമാണ് സഭ.

✪✪✪

ഈ വർഷത്തെ SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് ഇന്ന് തുടക്കമാകും. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്.  ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി രണ്ടാം വർഷ പരീക്ഷകൾ ഇന്നും, ഒന്നാം വർഷ പരീക്ഷകൾ ആറിനും തുടങ്ങും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

ഹയർസെക്കണ്ടറി വിഭാഗത്തിൽ നാല് ലക്ഷത്തി 13,417 വിദ്യാർത്ഥികൾ ഒന്നാം വർഷ പരീക്ഷയും, നാല് ലക്ഷത്തി 44,693 വിദ്യാർത്ഥികൾ രണ്ടാം വർഷ പരീക്ഷയും എഴുതും.

ഒന്നാം വർഷ വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ 26,831 വിദ്യാർത്ഥികളും, രണ്ടാം വർഷം 26,371 വിദ്യാർത്ഥികളുമാണ് പരീക്ഷ എഴുതുന്നത്.

ഗൾഫ് മേഖലയിൽ 682 കുട്ടികളും, ലക്ഷദ്വീപ് മേഖലയിൽ 447 കുട്ടികളും SSLC പരീക്ഷ എഴുതുന്നത്. എല്ലാ ദിവസവും രാവിലെ ഒൻപതര മുതലാണ് പരീക്ഷ. ചോദ്യ പേപ്പർ വായിച്ചു നോക്കുന്നതിന് 15 മിനിറ്റ് കൂൾ ഓഫ് ടൈമും കുട്ടികൾക്ക് ലഭിക്കും. ആദ്യ ദിവസമായ ഇന്ന് മലയാളം ഉൾപ്പെടെ ഒന്നാം ഭാഷാവിഷയങ്ങളുടെ പാർട്ട് -1 പരീക്ഷയാണ് നടക്കുക.

ഉച്ചയ്ക്ക് ശേഷമാണ് ഹയർസെക്കൻഡറി പരീക്ഷകൾ. ഇംഗ്ലീഷ് ആണ് ആദ്യ ദിവസം.

പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മന്ത്രി V ശിവൻകുട്ടി വിജയാശംസകൾ നേർന്നു. ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടണമെന്നും അദ്ദേഹം വിദ്യാർത്ഥികളോട് പറഞ്ഞു.

SSLC, ഹയർസെക്കൻഡറി പരീക്ഷകൾ മാർച്ച് 26 നാണ് അവസാനിക്കുക.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം സന്ദർശിച്ചു. നാടിന്റെ കാലാതീത പൈതൃകവും സംസ്കാരവും പ്രകടമാക്കുന്നതാണ് സോമനാഥ ക്ഷേത്രമെന്നും, സന്ദർശനം അനുഗ്രഹമായി കാണുന്നുവെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

ക്ഷീരമേഖലയിലെ സുസ്ഥിരതയും പുനരുപയോഗവും എന്ന വിഷയത്തിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ശില്പശാല ഇന്ന് കേന്ദ്രമന്ത്രി അമിത്ഷാ ഉദ്ഘാടനം ചെയ്യും. പാരിസ്ഥിതിക ഉത്തരവാദിത്തത്തോടെ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിന് സഹകരണ മന്ത്രാലയവും ക്ഷീരവികസന മന്ത്രാലയവും നടപ്പാക്കുന്ന നയപരിപാടികളിലാണ് ശില്പശാല ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി

ബന്ധപ്പെട്ട ധാരണാപത്രങ്ങളും ശില്പശാലയിൽ ഒപ്പുവെയ്ക്കും. ദേശീയ ക്ഷീരവികസന ബോർഡിലെയും ക്ഷീരമേഖലയിലെയും ആഗോള സ്ഥാപനങ്ങളിലെയും വിദഗ്ധർ ശില്പശാലയ്ക്ക് നേതൃത്വം നൽകും.

✪✪✪

ബാഴ്സലോണയിൽ ഇന്ന് ആരംഭിക്കുന്ന മൊബൈൽ വേൾഡ് കോൺഗ്രസിൽ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ഇന്ത്യയെ പ്രതിനിധീകരിക്കും. ലോകത്തിലെ ഏറ്റവും വലിയ സാങ്കേതിക-ടെലികമ്മ്യൂണിക്കേഷൻ പരിപാടികളിലൊന്നായ മൊബൈൽ വേൾഡ് കോൺഗ്രസിൽ 'ഭാരത് പവലിയൻ' അദ്ദേഹം ഉദ്ഘാടനം ചെയ്യും. 38 ഇന്ത്യൻ ടെലികോം ഉപകരണ നിർമ്മാതാക്കൾ അവരുടെ അത്യാധുനിക ഉൽപ്പന്നങ്ങൾ പവലിയനിൽ പ്രദർശിപ്പിക്കും.

5G, 6G, നിർമ്മിത ബുദ്ധി, ക്വാണ്ടം, അടുത്ത തലമുറ മൊബൈൽ സാങ്കേതികവിദ്യകൾ എന്നിവ സംബന്ധിച്ച് ജ്യോതിരാദിത്യ സിന്ധ്യ, ആഗോള വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ, എന്നിവരുമായി ചർച്ച നടത്തും.

വ്യാഴാഴ്ച്ചയാണ് മൊബൈൽ വേൾഡ് കോൺഗ്രസ് സമാപിക്കുക.

✪✪✪

കേന്ദ്രമന്ത്രി പീയുഷ് ഗോയലിന്റെ വാഷിങ്ടൺ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. നിർദിഷ്ട ഉഭയകക്ഷി വ്യാപാര കരാറുമായി ബന്ധപ്പെട്ട് ചർച്ചകൾ തുടങ്ങാനിരിക്കെയാണ് കേന്ദ്രമന്ത്രിയുടെ സന്ദർശനം. US വ്യാപാരപ്രതിനിധിയുമായും വ്യാപാരസെക്രട്ടറിയുമായും പീയുഷ് ഗോയൽ ചർച്ച നടത്തിയേക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ US സന്ദർശനത്തിനിടെ 2030-ഓടെ 500 ബില്യൺ US ഡോളറിന്റെ വ്യാപാരത്തിന് ഇരുരാജ്യങ്ങളും പ്രതിബദ്ധത അറിയിച്ചിരുന്നു.

✪✪✪

സമാന തിരിച്ചറിയൽക്കാർഡ് നമ്പറുകൾ, ഇരട്ട, വ്യാജ വോട്ടർമാരുണ്ടെന്നതിന്റെ സൂചനയല്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. രണ്ട് വ്യത്യസ്ത സംസ്ഥാനങ്ങളിലെ വോട്ടർമാർക്ക് ഒരേ തിരിച്ചറിയൽക്കാർഡ് നമ്പറുകൾ ഉണ്ടെന്ന സാമൂഹിക മാധ്യമ പോസ്റ്റുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് കമ്മീഷന്റെ വിശദീകരണം. ചില സമ്മതിദായകരുടെ EPIC നമ്പറുകൾ സമാനമായിരിക്കാമെങ്കിലും, ജനസംഖ്യാ വിശദാംശങ്ങൾ, നിയമസഭാ

മണ്ഡലം, പോളിംഗ് ബൂത്ത് എന്നിവയുൾപ്പെടെ മറ്റ് വിവരങ്ങൾ വ്യത്യസ്തമായിരിക്കുമെന്നും കമ്മീഷൻ വ്യക്തമാക്കുന്നു.

✪✪✪

കോഴിക്കോട് അകലാപ്പുഴ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് അഞ്ച് കോടി രൂപ ബജറ്റിൽ അനുവദിച്ചതായി മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. ചേളന്നൂർ നെല്ലിപ്പുണം വീട്ടിൽ കനാൽ റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കണ്ണൂർ പാട്യം മുതിയങ്ങ വയലിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മൊകേരി വള്ള്യായിയിലെ A.K ശ്രീധരന്റെ കുടുംബത്തിന് 10 ലക്ഷം രൂപ വനം, വന്യജീവി വകുപ്പ് അനുവദിച്ചെന്ന് മന്ത്രി A.K. ശശീന്ദ്രൻ അറിയിച്ചതായി K.P മോഹനൻ MLA പറഞ്ഞു. ആദ്യ ഗഡു സംസ്കാരത്തിന് ശേഷം കണ്ണൂർ DFO കുടുംബത്തിന് കൈമാറും.

✪✪✪

സാംസ്കാരിക കലാ ചരിത്രം സൂക്ഷിച്ചുവെച്ച് വരുംകാലത്തിന് പകർന്നു നൽകേണ്ടത് അനിവാര്യമാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂരിൽ കേരള ഫോക് ലോർ അക്കാദമി ആസ്ഥാനത്ത് P.K കാളൻ ആർട്ട് ഗ്യാലറി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചടങ്ങിൽ തെയ്യം കലാകാരന്മാരെ ആദരിച്ചു.

✪✪✪

അഖിലന്ത്യാ തപാൽ കലാമേളക്ക് ഇന്ന് കോഴിക്കോട് തുടക്കമാകും. നളന്ദ ഓഡിറ്റോറിയത്തിൽ മൂന്നു വേദികളിലായി നടക്കുന്ന മേള രാവിലെ കവിയും ഗാന രചയിതാവുമായ റഫീഖ് അഹമ്മദ് ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് തപാൽ ജീവനക്കാർ അവതരിപ്പിക്കുന്ന കലാ സാംസ്കാരിക പരിപാടികൾ ഉണ്ടാകും. 25 വർഷങ്ങൾക്കു ശേഷമാണ് കോഴിക്കോട്, അഖിലേന്ത്യാ തപാൽ കലാമേളയ്ക്ക് വീണ്ടും വേദിയാവുന്നത്.

രാജ്യത്താദ്യമായി യുനെസ്കോ സാഹിത്യനഗരി പദവി നേടിയ കോഴിക്കോടിന് ആദര സൂചകമായി തപാൽ വകുപ്പിന്റെ പ്രത്യേക കവർ കലാമേളയുടെ ഉദ്ഘാടന ചടങ്ങിൽ പുറത്തിറക്കും.

മേള ഈ മാസം ഏഴിന് സമാപിക്കും.

✪✪✪

**തിരൂർ തുഞ്ചൻ ഉത്സവം ഇന്ന് സമാപിക്കും. രാവിലെ “M.T എന്ന അനുഭവം” സെഷനിൽ M മുകുന്ദൻ, N.E സുധീർ എന്നിവർ പ്രഭാഷണം നടത്തും. തുടർന്ന് എം ടിയുടെ ചലച്ചിത്രലോകം എന്ന വിഷയത്തിൽ സംവാദവും ഉണ്ടാകും. സംവിധായകൻ സിബി മലയിൽ, നടൻ വി കെ ശ്രീരാമൻ, എഴുത്തുകാരൻ ടി ഡി രാമകൃഷ്ണൻ, തുടങ്ങിയവർ പങ്കെടുക്കും.**

**ഇന്നലെ “എം ടി ഉള്ളതും ഇല്ലാത്തതും” എന്ന വിഷയത്തിൽ നോവലിസ്റ്റ് സി രാധാകൃഷ്ണൻ സംസാരിച്ചു.**

✪✪✪

**97-ാമത് ഓസ്കാർ പുരസ്കാര പ്രഖ്യാപനം ലോസ് ഏഞ്ചൽസിൽ പുരോഗമിക്കുന്നു.**

**എ റിയൽ പെയിൻ എന്ന ചിത്രത്തിലെ അഭിനയത്തിന് കീറൻ കൾകിൻ മികച്ച സഹനടനായി തിരഞ്ഞെടുക്കപ്പെട്ടു.**

**ആനിമേറ്റഡ് വിഭാഗങ്ങളിൽ, ‘ഫ്ലോ’ ആണ് മികച്ച ആനിമേറ്റഡ് ഫീച്ചർ ഫിലിം.**

**ആദം ജെ ഗ്രേവ് സംവിധാനം ചെയ്ത അനുജ എന്ന ചിത്രമാണ് ഓസ്കറിലെ ഇന്ത്യൻ പ്രതീക്ഷ.**

✪✪✪

**ദുബായിൽ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ന്യൂസിലാന്റിനെ 44 റൺസിന് തോൽപ്പിച്ചു. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഉയർത്തിയ 250 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലാന്റിന്റെ പോരാട്ടം 205 റൺസിന് അവസാനിച്ചു.**

**ചാമ്പ്യൻസ് ട്രോഫി അരങ്ങേറ്റ മത്സരത്തിൽ അഞ്ചു വിക്കറ്റുമായി തിളങ്ങിയ സ്പിന്നർ വരുൺ ചക്രവർത്തിയാണ് ഇന്ത്യയുടെ വിജയശില്പി. ഒന്നാം സെമിയിൽ ഇന്ത്യയും ഓസ്ട്രേലിയയും നാളെ ദുബൈ രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഏറ്റുമുട്ടും. മറ്റന്നാൾ ലാഹോറിൽ രണ്ടാം സെമിയിൽ ദക്ഷിണാഫ്രിക്ക ന്യൂസിലാന്റിനെ നേരിടും.**

✪✪✪

**ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ - ബംഗളുരു FC മത്സരം സമനിലയിൽ പിരിഞ്ഞു. കൊൽക്കത്തയിലെ മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ വീതം നേടി.**

**ഇന്ന് ചെന്നൈയിൻ FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈയിലാണ് മത്സരം.**

✪✪✪

**വാണിജ്യ കൽക്കരിഖനനവും നിക്ഷേപ അവസരങ്ങളും എന്ന വിഷയത്തിൽ കൽക്കരി മന്ത്രാലയം ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ റോഡ്ഷോ സംഘടിപ്പിക്കും. മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് മന്ത്രാലയം സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായാണ് പരിപാടി. കേന്ദ്ര സഹമന്ത്രി സതീഷ് ചന്ദ്ര ദുബെ, റോഡ് ഷോയിൽ മുഖ്യാതിഥിയായി പങ്കെടുക്കും.**

✪✪✪

**സംസ്ഥാന വനിതാ വികസന കോർപറേഷൻ സ്ത്രീ സംരംഭകർക്കായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പ്രദർശന വിപണന മേള -എസ്കലേറ 2025 -ന്റെ രണ്ടാം പതിപ്പ് ഇന്ന് സമാപിക്കും. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ 70 ഓളം സ്ത്രീ സംരംഭകരാണ് മേളയിൽ പങ്കെടുത്തത്.**

✪✪✪

**കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ- പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ന് മുതൽ 10 വരെ കൊല്ലം ആശ്രാമം മൈതാനിയിൽ കൊല്ലം @ 75 പ്രദർശന വിപണന മേള നടക്കും. വൈകിട്ട് അഞ്ചിന് മന്ത്രി KN ബാലഗോപാൽ മേള ഉദ്ഘാടനം ചെയ്യും. വിവിധ വകുപ്പുകളുടെ തീം-വിപണന സ്റ്റാളുകൾ, പുസ്തക മേള, സാഹിത്യചർച്ച, കവിയരങ്ങ് എന്നിവ മേളയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.**

✪✪✪

---

***News Editor : വികെ സുരേഷ്***
***News Reader: നിമിഷ ജി***
***News Team: ഹബീബ് റഹ്മാൻ***
***DEO: ഷീബ***